## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5198** **30.06.2014-ൽ മറുപടിയ്ക്ക്**

### പൊന്നാനി ബിയ്യം കായലിൽ പരിശീലനം തുടരുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പൊന്നാനി ബിയ്യം കായലിൽ വാട്ടർ സ്പോർട്സ് ഇനങ്ങളായ കനോയിംഗ്, കയാക്കിംഗ്, റോവിംഗ് ഇനങ്ങളിൽ പരിശീലനം തുടങ്ങിയെങ്കിലും ഇടയ്ക്കുവച്ച് നിർത്തിയതിനാൽ വിദ്യാർത്ഥികൾ പ്രയാസത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. പരിശീലനം നൽകുന്നതിന് യോഗ്യതയുള്ള പരിശീലകരുടെ സേവനം ലഭ്യമാകാതിരുന്നതാണ് പൊന്നാനി ബിയ്യം കായലിൽ കനോയിംഗ്, കയാക്കിംഗ്, റോവിംഗ് തുടങ്ങിയ ഇനങ്ങളിൽ പരിശീലനം നിറുത്തുവാനുള്ള കാരണം. |
| (ബി) ഇത് നിർത്താൻ ഉണ്ടായ കാരണം വിശദമാക്കുമോ ? | | |
| (സി) എല്ലാ ഭൗതിക സാഹചര്യങ്ങളുമുള്ള മലബാറിലെ ഈ കേന്ദ്രം തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) & (ഡി) | നിലവിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്പോർട്സ് ട്രെയിനിംഗ് സെന്റർ പദ്ധതിയിൽ പൊന്നാനി ബിയ്യം കായൽ വാട്ടർ ട്രെയിനിംഗ് സെന്റർ ഉൾപ്പെടുത്തിയിട്ടുണ്ട്. 2012-13, 2013-14 സാമ്പത്തികവർഷത്തിൽ കൗൺസിലിൽ നിന്നും ഓരോ ലക്ഷം രൂപ വീതം ഗ്രാന്റായി അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) ആവശ്യമായ ഫണ്ട് ഇതിനായി വകയിരുത്തുമോ ? | | |

സെക്ഷൻ ഓഫീസർ